## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2452 — 08/12/2015-ൽ മറുപടിയ്ക്ക്

### <u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനാനുകൂല്യങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ എന്തെല്ലാം പഠനാനുകൂല്യങ്ങളാണ് നല്കി വരുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് / സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, വിവിധയിനങ്ങളിലെ ഫീസാനുകൂല്യങ്ങൾ, ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ഗ്രാന്റ്, സ്റ്റഡി ടൂർ അലവൻസ് തുടങ്ങിയ വിവിധങ്ങളായ വിദ്യാഭ്യാസാനുകൂല്യങ്ങൾ നല്കി വരുന്നു. |
| (ബി) | ഓരോ ആനുകൂല്യവും എത്ര പേർക്ക് വീതം നല്കുന്നുണ്ടെന്ന് വിശദമാക്കുമോ ; | (ബി) | 2015-16 വർഷം നാളിതുവരെ പ്രീ-മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന 76155, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠനം നടത്തി വരുന്ന 14015 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ആനുകൂല്യങ്ങളിൽ ഓരോന്നിലും എത്ര മാസത്തെ ഗഡുക്കൾ കുടിശ്ശിക യുണ്ടെന്ന് വിശദമാക്കുമോ ? | (സി) | വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കുടിശ്ശിക നല്കാനവശേഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ